പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1588 11.02.2013- ലെ മറുപടി

സാന്ത്വനം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാന്ത്വനം പദ്ധതിപ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി: എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചത്; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സാന്ത്വന പദ്ധതി പ്രകാരം 1261 പേർക്ക് 1,26,90,000 രൂപ (ഒരു കോടി ഇരുപത്തിയാറ് ലക്ഷത്തി തൊണ്ണൂറായിരം) വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) കാരുണ്യം പദ്ധതി പ്രകാരം എത്ര മൃതദേഹങ്ങൾ വിദേശത്ത് നിന്നും നാട്ടിലെത്തിച്ചു ; | (ബി) കാരുണ്യ പദ്ധതി പ്രകാരം ഇതുവരെ 11 മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് 2,42,200/- രൂപ( രണ്ട് ലക്ഷത്തി നാൽപത്തിരണ്ടായിരത്തി ഇരുന്നൂറ് രൂപ) ചെലവഴിച്ചിട്ടുണ്ട്. |
| (സി) നോർക്കയിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;<br>(ഡി) താൽക്കാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചു; വ്യക്തമാക്കുമോ ? | (സി & ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നോർക്ക – റൂട്ട്സിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ സ്ഥിരം തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടില്ല. കൂടാതെ നോർക്ക – റൂട്ട്സിന്റെ ഹെഡ്ഡാഫീസിലും തിരുവനന്തപുരത്തുള്ള റീജണൽ ഓഫീസിലുമായി ആവശ്യാനുസരണം ദിവസവേതനത്തിൽ ആൾക്കാരുടെ അത്യാവശ്യഘട്ടങ്ങളിൽ സേവനം ലഭ്യമാക്കി വരുന്നുണ്ട്. ഒരാളെ കൺസൾട്ടന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായും, ഒരാളെ അറ്റൻഡറായും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഒരാളെ അസിസ്റ്റൻന്റായി 179 ദിവസത്തേക്ക് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ